# <u>അനധികൃതമായി സൂക്ഷിച്ചിരുന്ന  നിരോധിത പുകയില ഉൽപ്പന്നങ്ങളുടെ വൻശേഖരം പിടികൂടി.</u>

എറണാകുളം റൂറൽ ജില്ലയിൽ നിരോധിത പുകയില ഉൽപ്പന്നങ്ങളും, അനധികൃതമായി സൂക്ഷിക്കുന്നതും വിൽപ്പന നടത്തുന്നതും പിടികൂടുന്നതിനായി ജില്ല പോലീസ് മേധാവി എ.വി.ജോർജ്ജ് ഐപിഎസ്- രൂപീകരിച്ച ആൻറി നാർകോട്ടിക് സ്പെഷ്യൽ ടീം ജില്ലയിൽ ഇന്ന് നടത്തിയ പരിശോധനയിൽ ബിനാനിപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ പ്ലാവിൻചുവട് ഭാഗത്ത് നിന്ന് അനധികൃതമായി വിൽപ്പന നടത്തികൊണ്ടിരുന്ന ഹാൻസ് പായ്ക്കറ്റുകൾ പിടികൂടി.

ബിനാനിപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ പ്ലാവിൻചുവട് ഭാഗത്ത് പലചരക്ക് കടയിൽ സൂക്ഷിച്ചിരുന്ന 1402 പായ്ക്കറ്റ് ഹാൻസാണ് പിടികൂടിയത്.

ഇതുമായി ബന്ധപ്പെട്ട് പടിഞ്ഞാറെ കടുങ്ങല്ലൂർ ഭാഗത്ത് ശ്രീലക്ഷ്മി സ്റ്റോഴ്സ് ഉടമ, പ്ലാവിൻചുവട് തടത്തിൽപറമ്പിൽ വീട്ടിൽ വിജയൻ എന്നയാൾക്കെതിരെ ബിനാനിപുരം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തു.

എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി പുതിയതായി രൂപീകരിച്ച നാർകോട്ടിക് DySP. വി.കെ.സനിൽകുമാറിൻെറ നേതൃത്വത്തിലുള്ള ആൻറി നാർകോട്ടിക് സ്പെഷ്യൽ ടീമിലെ എ.എസ്.ഐമാരായ ജോയി, സജീവ് ചന്ദ്രൻ, പോലീസുകാരായ മനോജ്കുമാർ, പ്രശാന്ത്, മുഹമ്മദ് നിഖിലേഷ് എന്നിവരാണ് റെയ്ഡിൽ പങ്കെടുത്തത്.